**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 684** **24-08-2022 - ൽ മറുപടിയ്ക്ക്**

**വയനാട് - കാസർഗോഡ് 400 കെ.വി. പവർഹൈവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് - കാസർഗോഡ് 400 കെ.വി. പവർഹൈവേ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | വയനാട് മുതൽ കാസർഗോഡ് വരെയുള്ള 125 കി.മീ 400 കെ.വി ലൈൻ നിർമ്മാണത്തിനുള്ള കരാർ 19.4.2022-ന് ലാർസൻ & ട്യൂബ്രോ ലിമിറ്റഡ് എന്ന കമ്പനിക്ക് നൽകിയിട്ടുണ്ട്. ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട ഫൗണ്ടേഷൻ വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പ്രസരണ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട്, അവ കടന്നു പോകുന്ന സ്ഥലം ഏറ്റെടുക്കേണ്ടതില്ല. പകരം ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന നാശ നഷ്ടങ്ങൾക്കു നഷ്ടപരിഹാരമായി നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള തുക നൽകുന്നതാണ്.<br><br>വയനാട്-കാസർഗോഡ് ലൈൻ കടന്നു പോകുന്ന സ്ഥലത്തിന്റെ ഉടമകൾക്ക് നിർമ്മാണ പ്രവർത്തനം സംബന്ധിച്ച് നോട്ടീസുകൾ വിതരണം ചെയ്തു വരുന്നു. |
| (സി) | ഏറ്റെടുക്കുന്ന സ്ഥലത്തിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശംങ്ങൾ അറിയിക്കാമോ; | (സി) | പ്രസരണ ലൈൻ കടന്നു പോകുന്ന സ്ഥലത്തിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള പ്രത്യേക മാനദണ്ഡം തയ്യാറാക്കിയിട്ടില്ല. മറിച്ച് ട്രാൻസ്മിഷൻ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട, കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ (MoP) നിലവിലുള്ള മാനദണ്ഡങ്ങൾ KSEBL-ലും ബാധകമാണ്. പ്രസ്തുത മാനദണ്ഡ പ്രകാരം പ്രസരണ ലൈൻ കടന്നു പോകുന്ന ഇടനാഴിക്ക് ഭൂമിയുടെ ന്യായവിലയുടെ 15 ശതമാനവും ടവർ സ്ഥാപിക്കുന്ന സ്ഥലത്തിന് (ടവർ കാലുകൾക്കുള്ളിൽ വരുന്നത്) ഭൂമിയുടെ ന്യായ വിലയുടെ 85 ശതമാനവും നഷ്ട പരിഹാരമായി നൽകുന്നതാണ്. കൂടാതെ, നഗര പരിധിയിലൂടെയാണ് ലൈൻ കടന്നു പോകുന്നതെങ്കിൽ ലൈൻ കടന്നു പേകുന്ന ഇടനാഴിക്ക് ഭൂമിയുടെ ന്യായവിലയുടെ 15 ശതമാനം അധികമായി നൽകുന്നതാണ്. ലൈൻ നിർമ്മിക്കുന്നത് മൂലമുണ്ടാകുന്ന വിളകളുടെയും |

| | | | |
|---|---|---|---|
| | | | മരങ്ങളുടെയും നാശ നഷ്ടങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാര തുകയ്ക്ക് പുറമെയാണ് ഇത്. ബന്ധപ്പെട്ട കളക്ടർമാരിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കി സ്പെഷ്യൽ പാക്കേജ് രൂപപ്പെടുത്തുന്നതിനായി സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുവാൻ KSEBL-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് കിഫ്ബിയിൽ നിന്ന് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | വയനാട് - കാസർഗോഡ് 400 കെ.വി. ലൈനിന്റെ നിർമ്മാണം കിഫ്ബി-യിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ